രിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പപ്പങ്ങമുത്തു ഭാഗത്തെ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി 3.30 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയ്ക്കുള്ള ഒരു പണിക്ക് കരാറുകാരുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. പണി ഉടൻ തുടങ്ങുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ മൺസൂൺ കാലത്ത്, രൂക്ഷമായ കടൽക്ഷോഭം ഉണ്ടാകുന്നതുകൊണ്ട് ബീച്ച് റോഡ്, പപ്പങ്ങമുത്തു മേഖലകൾ കരിങ്കൽ ചിറ കെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(9) എറണാകുളം ജില്ലയിലെ കടംപ്രയാറിനു കുറുകെ ബണ്ട് നിർമ്മിച്ചതു മൂലമുണ്ടായ കൃഷി നാശം

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : സർ, എറണാകുളം ജില്ലയിലെ കടംപ്രയാറിന് 25 മീറ്റർ വീതിയും 5 മീറ്ററിലധികം താഴ്ചയുമുണ്ട്. അതിനു കുറുകെ കിൻഫ്ര, ഒരു ബണ്ട് കെട്ടിയതുമൂലം ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമി നശിച്ച് കൃഷി ചെയ്യാനും കൊയ്യാനും കഴിയാത്ത ഒരു അവസ്ഥയിൽ എത്തിയിരിക്കുകയാണ്. കെ.സി.പി.എൽ. (KCPL) കമ്പനിക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയാണെന്നാണ് കിൻഫ്രായുടെ ഉത്തരവാദിത്വപ്പെട്ട ആളുകളുമായി സംസാരിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. കെ.സി.പി.എൽ. കമ്പനിക്ക് ശുദ്ധജലവിതരണപദ്ധതി ഇപ്പോൾ നിലവിലുണ്ട്. കൊച്ചി കായലിൽനിന്നും ഉപ്പുവെള്ളം കയറിവരാതിരിക്കുന്നതിനുവേണ്ടിയാണ് ഈ ബണ്ട് തീർക്കുന്നതെന്നാണ് അവരുടെ ഭാഗത്തുനിന്നുമുള്ള റിപ്പോർട്ട്. ഇതിന് തൊട്ട് ഒന്നര കിലോമീറ്റർ താഴെ കുനാഞ്ഞിലിചോട് ഭാഗത്ത് ആട്ടോമാറ്റിക് ഷട്ടർ ഇപ്പോൾ നിലവിലുണ്ട്. വളരെക്കാലമായി ഗവൺമെന്റ് തന്നെ മുൻകൈയെടുത്ത് തീർത്തിട്ടുള്ള ആട്ടോമാറ്റിക് ബണ്ടാണ്. അവിടെ ആട്ടോമാറ്റിക് ഷട്ടറും ഉണ്ട്, ആ ഷട്ടർ വേനൽക്കാലത്ത് മാത്രമേ ഇടേണ്ടതുള്ളു. ഉപ്പുവെള്ളം കയറിവരുന്നത് വേനൽക്കാലത്തുമാത്രമേയുള്ളു. 25 മീറ്റർ ദൂരത്തുനിന്നും ഒഴുകിവരുന്ന വെള്ളമാണ് കടംപ്രയാറിൽ കൂടി കടന്നുപോകുന്നത്. കിൻഫ്രാ തീർത്തിട്ടുള്ള ബണ്ട് വലിയ ഭീമാകാരമായ ബണ്ടാണ്. യുദ്ധകാലാടിസ്ഥാനത്തിൽ വളരെപെട്ടെന്ന് ആരുംആരും അറിയാതെ യന്ത്രങ്ങളും മറ്റും വച്ച് രണ്ട് സൈഡിലും കരിങ്കൽഭിത്തികൾ തീർത്ത് തെങ്ങിൻകുറ്റികൾ അടിച്ച് അതിന്റെ നടുക്ക് മണ്ണ് ഫിൽ ചെയ്താണ് ഈ ബണ്ട് തീർത്തിട്ടുള്ളത്. അതുകൊണ്ട് 35 കിലോമീറ്ററോളം ദൂരത്തിൽ വെള്ളത്തിന്റെ കെടുതി അനുഭവിച്ചുവരികയാണ്. 200-ഓളം വരുന്ന മീൻപിടിയ്ക്കുന്ന തൊഴിലാളികൾ ചെറിയ വള്ളങ്ങളിൽ ഇതിലേയാണ് പോകുന്നത്. അവർക്കുപോലും കടന്നുപോകാൻ കഴിയാത്ത തരത്തിൽ തെങ്ങിൻകുറ്റികൾ തീർത്താണ് ഈ ബണ്ട് തീർത്തിട്ടുള്ളത്. കടുത്ത കൃഷിനാശമുണ്ടാകുന്നു. കെട്ടിടങ്ങൾപോലും വെള്ളത്തിനടിയിൽ ആകുന്ന അവസ്ഥാവിശേഷമുണ്ടായിട്ടുണ്ട്. എറണാകുളം ജില്ലാകളക്ടർ വിളിച്ച യോഗത്തിൽ KINFRA യുടെ പ്രതിനിധികളും ജനപ്രതിനിധികളും ഞങ്ങളുമെല്ലാമായി സംസാരിച്ചു. തെങ്ങിൻ കുറ്റികൾ അവിടെനിന്നും മാറ്റാനുള്ള തീരുമാനമെടുത്തിരുന്നു. കിൻഫ്രാ അത് ചെയ്യാൻ തയ്യാറായിട്ടില്ല. 10 ലക്ഷത്തോളം രൂപ മുതൽമുടക്കുണ്ടെന്നാണ് കിൻഫ്രായുടെ ഉത്തരവാദപ്പെട്ട ആളുകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്തിനുവേണ്ടി ചെയ്തു? ആരുടെ അനുമതിയോടുകൂടിയാണ് ഒരു പുഴ കുറുകെ കെട്ടിയത്; ഒരു ആറ് കുറുകെ കെട്ടുമ്പോൾ ആരുടെ അനുമതിയാണ് വേണ്ടത്; കളക്ടറോ ഗവൺമെന്റോ അല്ലെങ്കിൽ കൃഷി ഡിപ്പാർട്ടുമെന്റോ ഇത്തരത്തിലുള്ള അനുമതി കൊടുത്തിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഇന്ന് ദുരൂഹമാണ്. എന്തിനുവേണ്ടിയാണ് ഇത് ചെയ്തതെന്നതിനെ സംബന്ധിച്ച് ഒരു അടിയന്തിരമായ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം നടത്തണം. ആയിരത്തോളം ഏക്കർ കൃഷി നശിച്ചിട്ടുണ്ട്, വിള കൊയ്യാറായി കിടക്കുന്നു, കൊയ്യാൻ കഴിയാത്ത ഒരു അവസ്ഥാവിശേഷമുണ്ടായിരിക്കുന്നു. അതുപോലെ അടുത്ത പുകൃഷി ഇറക്കാൻ കഴിയാതായിരിക്കുന്നു. കെട്ടിടങ്ങൾപോലും വെള്ളത്തിനടിയിലായി കിടക്കുന്നു. പെരുമ്പാവൂർ മുതലുള്ള വെള്ളം ഒഴുകി പോകുന്ന ഈ കടംപ്രയാറിന്റെ കുറുകെ ബണ്ടു കെട്ടിയതുകാരണം കിഴക്കമ്പലം, കുന്നത്തുനാട്. പുത്തൻകുരിശ്. വെങ്ങോല എന്നീ പഞ്ചായത്തുകളിലെ ആയിരക്കണക്കിന് ഏക്കർ കൃഷിയിടങ്ങൾ നശിച്ച് കൊയ്യാൻ കഴിയാത്ത അവസ്ഥ, കൃഷിയിറക്കാൻ കഴിയാത്ത ഒരവസ്ഥ വന്നിരിക്കുന്നതുകൊണ്ട് അടിയന്തിരമായും കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാൻ തയ്യാറാകണം. കിൻഫ്രാ കെട്ടിയിട്ടുള്ള ബണ്ട് വളരെ അടിയന്തിരമായും യാതൊരു വിട്ടുവീഴ്ചയും കൂടാതെ പൊളിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിച്ച് കൃഷിക്കാരേയും ആ പ്രദേശത്തേയും രക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

[11.00 AM] കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാം പറമ്പിൽ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം.പി. വർഗ്ഗീസ് ഉന്നയിച്ച പ്രശ്നം കൃഷിവകുപ്പുമായി ബന്ധപ്പെട്ട പ്രശ്നമല്ല. കർഷകരുടെ കൃഷിയാണ് നശിച്ചത് എന്നുള്ളതുകൊണ്ടാണ് കൃഷി വകുപ്പ് ഇതിന് മറുപടി പറയേണ്ടിവന്നത്. ഈ സംഭവത്തെ സംബന്ധിച്ച് എറണാകുളം ജില്ലയിലെ കൃഷി ജോയിന്റ് ഡയറക്ടർ നേരിട്ട് സ്ഥലം സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. തൃക്കാക്കര പഞ്ചായത്തിലൂടെ ഒഴുകുന്ന കടംപ്രയാറിന് 150 മീറ്ററോളം വീതിയുണ്ട്. ആ നദീതടത്തിൽ നിർമ്മിച്ച വ്യവസായ പാർക്കിന് ശുദ്ധജലം ലഭിക്കുന്നതിനു വേണ്ടിയിട്ടാണ് 50 മീറ്റർ വീതിയുള്ള മണ്ണുകൊണ്ടുള്ള ബണ്ട് നിർമ്മിച്ചത്. കിഴക്കമ്പലം, കുന്നത്തുനാട്, വടവുകോട്, പുത്തൻകുരിശ് എന്നീ പഞ്ചായത്തുകളിലെ കൃഷിക്കാർക്ക് ഈ ബണ്ട് നിർമ്മാണം ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ആ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചതിനെത്തുടർന്ന്, എനിക്കു കിട്ടിയ റിപ്പോർട്ടിൽ പറയുന്നത് കൃഷിക്കാരും നാട്ടുകാരും ചേർന്ന് ബണ്ടിന്റെ ഒരു ഭാഗം പൊളിച്ചുമാറ്റി എന്നാണ്. അതോടെ ഈ നദിയിൽ തടഞ്ഞു നിർത്തിയിരുന്ന വെള്ളത്തിന്റെ ഒഴുക്ക് സാധാരണ സ്ഥിതിയിലായിട്ടുണ്ട്. മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ കൃഷിക്കാർക്ക് ബണ്ട് നിർമ്മിച്ചതിന്റെ ഫലമായിട്ട് ഉണ്ടായിട്ടുള്ള വെള്ളപ്പൊക്ക കെടുതിയിൽ നിന്നും അവർ ഇപ്പോൾ തൽക്കാലം ഒഴിവായിട്ടുണ്ട്. അൽപം കൃഷിനാശവും ഉണ്ടായിട്ടുണ്ട്. പൊഴിയാറായിട്ടുള്ള കുറച്ച് നെൽകൃഷിയും മറ്റും നശിച്ചിട്ടുണ്ട്. ഏകദേശം 16.5 ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്. നാശനഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും. പക്ഷെ അവിടെ ബണ്ട് നിർമ്മിക്കുന്നത് നെൽകൃഷിക്ക് തുടർന്നും വലിയ ഭീഷണിയായി ഉയരും. അതുകൊണ്ട് ഈ ബണ്ടു നിർമ്മാണം ഒഴിവാക്കണമെന്നും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോടും വ്യവസായ വകുപ്പിനോടും കൃഷിവകുപ്പ് ആവശ്യപ്പെടുന്നുണ്ട്. പിന്നെ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതുപോലെ ഈ ബണ്ട് നിർമ്മിച്ചത് ആരുടെ അനുമതിയോടുകൂടിയാണെന്നതിനെ സംബന്ധിച്ചും, പിന്നെ ഈ കൃഷിയൊക്കെ ഇങ്ങനെ നാശനഷ്ടം സംഭവിക്കത്തക്ക രീതിയിൽ വ്യക്തമായ ധാരണകൾ ഇല്ലാതെ ഇങ്ങനെ ഒരു ബണ്ട് നിർമ്മിക്കാൻ ഇടയായ കാരണത്തെ സംബന്ധിച്ചും എറണാകുളം ജില്ലാകളക്ടറെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും കൃഷിവകുപ്പ് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly